**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം * 213 — 14.02.2013 ൽ മറുപടിക്ക്

## ടൂറിസം മേഖലയിൽ ഹോം സ്റ്റേ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം.ഉമ്മർമാസ്റ്റർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ.എം. ഷാജി | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഹോം സ്റ്റേ സംവിധാനം പ്രോത്സാഹിപ്പിച്ചതിലൂടെ വിനോദ സഞ്ചാര മേഖലയിൽ എത്രത്തോളം നേട്ടമുണ്ടാക്കാനായെന്ന് വിശദമാക്കാമോ; | എ) വിനോദ സഞ്ചാരികൾക്ക് ഗുണനിലവാരമുള്ളതും താരതമ്യേന ചെലവ് കുറഞ്ഞതുമായ താമസസൗകര്യം ഒരുക്കുന്നതിനും അവിടുത്തെ ജീവിതരീതി, സംസ്കാരം, ആഹാരരീതി എന്നിവ അടുത്തറിയുന്നതിനും ഹോം സ്റ്റേ സംവിധാനം വഴിയൊരുക്കിയിട്ടുണ്ട്. ടൂറിസം സീസണിൽ ഉണ്ടാകുന്ന താമസസൗകര്യ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നതിനും ഹോം സ്റ്റേകൾക്ക് കഴിഞ്ഞിട്ടുണ്ട്. |
| ബി) ഹോം സ്റ്റേ അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകളും, ഉടമയ്ക്കു നൽകുന്ന ഇളവുകളും സംബന്ധിച്ച വിശദവിവരം നൽകാമോ; | ബി) സ്വന്തം വീട്ടിൽ ഏറ്റവും കുറഞ്ഞത് ഒരു മുറിയോ കൂടിയത് ആറു മുറികളോ ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിനായി മാറ്റി വയ്ക്കുവാൻ കഴിയുക, വീട്ടുടമസ്ഥനും കുടുംബവും അവിടെതന്നെ സ്ഥിരതാമസമായിരിക്കുക, വീട്ടിൽ ഒരാൾക്കെങ്കിലും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കഴിയുക എന്നിവയാണ് ഹോം സ്റ്റേകൾക്കുള്ള ക്ളാസ്സിഫിക്കേഷൻ വ്യവസ്ഥകൾ. ക്ളാസ്സിഫിക്കേഷൻെറ പരിധിയിൽ വരുന്ന ഹോം സ്റ്റേകളുടെ മാർക്കറ്റിംഗിന് സഹായിക്കുന്നതു കൂടാതെ കേരളാ ടൂറിസം ബ്രാൻഡ് ഉപയോഗിക്കാൻ അനുവദിക്കുകയും ചെയ്തുവരുന്നു. ഇതിനുപുറമെ ഹോംസ്റ്റേ ഉടമകൾക്ക് കിറ്റ്സ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഏജൻസികൾ വഴി ട്രെയിനിംഗും നൽകി വരുന്നു. |
| സി) വിദേശ സഞ്ചാരികൾ ഹോംസ്റ്റേ സൗകര്യം ഉപയോഗപ്പെടുത്തുമ്പോൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കാൻ നിലവിലുള്ള സംവിധാനമെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | സി) വിദേശവിനോദ സഞ്ചാരികളും മറ്റും ഹോം സ്റ്റേ സംവിധാനം ഉപയോഗിക്കുമ്പോൾ "C Form" പൂരിപ്പിച്ച് അതാത് പോലീസ് സ്റ്റേഷനുകളിലേക്ക് ഓൺലൈനായി വിവരം കൈമാറാനുള്ള സംവിധാനം നിലവിലുണ്ട് ഇതു കൂടാതെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ജില്ലാ തലകമ്മറ്റികൾ പരിശോധിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ